## പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രസിഡന്റ് മാക്രോണും ടെലിഫോണിൽ സംഭാഷണം നടത്തി

ആഗസ്ത് 21, 2025

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നു ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി ടെലിഫോൺ സംഭാഷണം നടത്തി.

യുക്രെയ്നിലെയും പശ്ചിമേഷ്യ മേഖലയിലെയും സംഘർഷങ്ങൾ സമാധാനപരമായി പരിഹരിക്കുന്നതിനുള്ള നിരന്തരമായ ശ്രമങ്ങളെക്കുറിച്ച് നേതാക്കൾ അഭിപ്രായങ്ങൾ കൈമാറി.

യൂറോപ്പ്, US, യുക്രെയ്ൻ നേതാക്കന്മാർ തമ്മിൽ വാഷിംഗ്ടണിൽ അടുത്തിടെ നടന്ന കൂടിക്കാഴ്ചകളെക്കുറിച്ചുള്ള വിലയിരുത്തൽ പ്രസിഡന്റ് മാക്രോൺ പങ്കുവച്ചു.  ഗാസയിലെ സ്ഥിതിഗതികൾ സംബന്ധിച്ചുള്ള തന്റെ കാഴ്ചപ്പാടുകളും അദ്ദേഹം പങ്കുവച്ചു.

സംഘർഷങ്ങൾ സമാധാനപരമായി പരിഹരിക്കുന്നതിനും സമാധാനവും സ്ഥിരതയും എത്രയും വേഗം പുനഃസ്ഥാപിക്കുന്നതിനും ഇന്ത്യയുടെ നിരന്തരമായ പിന്തുണ പ്രധാനമന്ത്രി മോദി ആവർത്തിച്ചു.

വ്യാപാരം, പ്രതിരോധം, സിവിൽ ആണവ സഹകരണം, സാങ്കേതികവിദ്യ, ഊർജ്ജം എന്നിവയുൾപ്പെടെ ഉഭയകക്ഷി സഹകരണ അജണ്ടയിലെ പുരോഗതിയും നേതാക്കൾ അവലോകനം ചെയ്തു.  ഇന്ത്യ-ഫ്രാൻസ് തന്ത്രപ്രധാന പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും 2026 നെ 'നൂതനാശയ വർഷ'മായി ആഘോഷിക്കുന്നതിനുമുള്ള സംയുക്ത പ്രതിബദ്ധത അവർ ആവർത്തിച്ചു.

ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ എത്രയും വേഗം അന്തിമമാക്കുന്നതിനുള്ള പിന്തുണ പ്രസിഡന്റ് മാക്രോൺ അറിയിച്ചു.

എല്ലാ വിഷയങ്ങളിലും ബന്ധം തുടരാമെന്ന് ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂഡൽഹി**

**ആഗസ്ത് 21, 2025**